# കേരളീയം


## പഞ്ചായത്ത് തിരഞ്ഞെടുപ്പ്

**സ്ഥാ**നാർഥികളുടെ രാഷ്ട്രീയപാർട്ടി ഏതെന്നതിനേക്കാൾ ഉപരി, സ്ഥാനാർഥികളുടെ സ്വഭാവ ഗുണവും ജനകീയ പ്രശ്നങ്ങളിൽ ഇടപെടാനുള്ള താല്പര്യവും നോക്കി വേണം ഗ്രാമപഞ്ചായത്ത് തിരഞ്ഞെടുപ്പിൽ നമ്മുടെ വോട്ടവകാശം ഉപയോഗിക്കാൻ.

പാർട്ടി ചിഹ്നത്തിൽ പട്ടിയെ നിർത്തിയാലും വോട്ട് നല്കുന്ന അന്ധമായ രാഷ്ട്രീയ വിധേയത്വമുള്ളവർ കുറഞ്ഞുവരികയാണ്. അതേസമയം ജാതിയ്ക്കും സമുദായത്തിനുമൊക്കെ പ്രാധാന്യം കൂടിവരുന്നുമുണ്ട്. എങ്കിലും ജനകീയ പ്രശ്നങ്ങളിൽ ഇടപെട്ട് പ്രവർത്തനം നടത്താൻ സമയവും മനസുമുള്ളവർ പഞ്ചായത്ത് തിരഞ്ഞെടുപ്പുകളിൽ, അവരുടെ പാർട്ടി ഏതായാലും, ജനങ്ങളുടെ അംഗീകാരം നേടാറുണ്ട്. വ്യക്തിപരമായ മൂല്യങ്ങൾക്കും ഗുണങ്ങൾക്കും ലഭിക്കുന്ന ഈ അംഗീകാരമാണ് പഞ്ചായത്ത് തിരഞ്ഞെടുപ്പുകളെ നിയമസഭാ- ലോക്സഭാ തിരഞ്ഞെടുപ്പുകളിൽ നിന്നു വ്യത്യസ്ഥമാക്കുന്നത്. ആ വ്യത്യാസം നിലനിർത്താൻ നമുക്കാകണം.

കൂടുതൽ മെച്ചപ്പെട്ടത് എന്നു തോന്നുന്ന പാർട്ടിയുടെയോ മുന്നണിയുടെയോ സ്ഥാനാർഥിക്കല്ല, കൂടുതൽ മെച്ചപ്പെട്ട സ്ഥാനാർഥിക്ക് നിങ്ങളുടെ വോട്ട് നല്കുക. വ്യക്തിഗുണത്തിന് ഇപ്പോഴും അംഗീകാരം ലഭിക്കുന്നുവെന്നത്, വ്യക്തിഗുണമില്ലാത്തവരെ സമൂഹം അംഗീകരിക്കാൻ മടിക്കുന്നുവെന്ന് രാഷ്ട്രീയ പ്രസ്ഥാനങ്ങളെ നിരന്തരം ഓർമ്മിപ്പിക്കാൻ അതു സഹായിക്കും.